# കേരളസർവകലാശാല

നം.പി.ആർ.171/2023 തിരുവനന്തപുരം, തീയതി: 21/08/2023

## പത്രക്കുറിപ്പ്

### പിഎച്ച്.ഡി. പ്രവേശന പരീക്ഷ – അപേക്ഷകൾ ക്ഷണിക്കുന്നു

കേരളസർവകലാശാല 2023 ഒക്ടോബർ 21 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന 2023 വർഷത്തെ പിഎച്ച്.ഡി. പ്രവേശന പരീക്ഷക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. വിദ്യാർത്ഥികൾക്ക് 2023 ആഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് അവരവരുടെ യോഗ്യത അനുസരിച്ചുള്ള വിഷയം ഓൺലൈൻ റിസർച്ച് പോർട്ടലിൽ നിന്നും തിരഞ്ഞെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.keralauniversity.ac.in സന്ദർശിക്കുക.

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ എം.കോം. (റൂറൽ മാനേജ്മെന്റ് - 2023 അഡ്മിഷൻ) കോഴ്സിലെ ഒഴിവിലേക്ക് (എസ്.സി. – 2, എസ്.ടി. – 1) 2023 ആഗസ്റ്റ് 23 ന് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ KUSRC, Alappuzha വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ അന്നേ ദിവസം രാവിലെ 10.30 ന് ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി KUSRC, Alappuzha യിൽ എത്തിച്ചേരേണ്ടതാണ്.

### പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ (2021 അഡ്മിഷൻ) എം.എസ്‌സി. എൻവയോൺമെന്റൽ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷ 2023 സെപ്റ്റംബർ 7 മുതൽ 16 വരെ അതാത് കോളേജുകളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ (2021 അഡ്മിഷൻ) എം.എസ്‌സി. ബയോകെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷ 2023 സെപ്റ്റംബർ 7 മുതൽ 14 വരെ അതാത് കോളേജുകളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. ബയോടെക്നോളജി പരീക്ഷയുടെ വൈവ 2023 സെപ്റ്റംബർ 7, 8 തീയതികളിൽ അതാത് കോളേജുകളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സീറ്റൊഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.ലിബ്.ഐ.എസ്.സി, എൽ.എൽ.എം എന്നീ പ്രോഗ്രാമുകൾക്ക് 2023-2025 ബാച്ച് അഡ്മിഷനു SC വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2023 ആഗസ്റ്റ് 23 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് .

കേരളസർവകലാശാലയുടെ ബോട്ടണി പഠനഗവേഷണ വകുപ്പിൽ എം.എസ്സി. ജനറ്റിക്സ് ആന്റ് പ്ലാന്റ് ബ്രീഡിങ്ങ് 2023-2025 ബാച്ച് അഡ്മിഷനു ST വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2023 ആഗസ്റ്റ് 23 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**